**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **08-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു.<br><br>2023 മാർച്ച് മാസത്തോടു കൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുക വഴി 800 ബസ്സുകളെങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ച് സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്), സിറ്റി ഷട്ടിൽ സർവ്വീസുകൾ, സിറ്റി റേഡിയൽ സർവ്വീസുകൾ ആരംഭിക്കുകയും അവ വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതാണ്.<br><br>പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ച് വരുന്നു. ഇത് ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് ചെലവ് കുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.<br><br>തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സിയുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന |

| | | | |
|---|---|---|---|
| | | | റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/ സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>മേൽ കൈക്കൊണ്ട വൈവിധ്യ വൽക്കരണത്തിലൂടെ പ്രതിമാസ വരുമാനം ആദ്യഘട്ടത്തിൽ 8 കോടി രൂപയും ക്രമാനുഗതമായി അത് 10 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ഫീഡർ സർവീസ് സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസ്സുകൾ ഉപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽ നിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവ്വീസ് 2023 ജനുവരി 16-ന് ഫ്ലാഗ് ഓഫ് ചെയ്തു. റീ-ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന ട്രാവൽ കാർഡുകൾ ഉപയോഗിക്കുന്നതിനാൽ ഡ്രൈവർ മാത്രമേ ടി സർവ്വീസിന് ആവശ്യമുള്ളൂ. നിലവിൽ രണ്ട് ബസ്സുകൾ ഉപയോഗിച്ചുള്ള ഈ സർവ്വീസ് സംസ്ഥാന വ്യാപകമാക്കുന്നതോടെ ഫസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുവാൻ സാധിക്കും. |
| (സി) | പൊതുഗതാഗത രംഗത്തെ വാഹന സർവീസുകൾ സംബന്ധിച്ച സമയക്രമം അടക്കമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൃത്യമായി ലഭിക്കുന്ന തരത്തിൽ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | തീരുമാനിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗ പ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | കേരളത്തിലെ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തി വരുന്നു. പൊതുഗതാഗതം ശക്തിപെടുത്തു ന്നതിനും കൂടുതൽ സുരക്ഷിതമാക്കു ന്നതിനും വേണ്ടി തടി, സ്റ്റീൽ ബോട്ടുകൾക്ക് പുറമെ കറ്റാ മറൈൻ ഫൈബർ ബോട്ടുകളും പാസഞ്ചർ, പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ്, ആംബുലൻസ് സർവ്വീസ്, വാട്ടർ ടാക്സി സർവീസ് നടത്തിപ്പിനായി ഉപയോഗിച്ച് വരുന്നു. ജലഗതാഗത മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും ചെലവ് |

| | | | |
|---|---|---|---|
| | | | കുറഞ്ഞതും, ഏറ്റവും സുരക്ഷിതവും, എല്ലാവിധ ആധുനികസൗകര്യങ്ങളോടും കൂടിയ യാത്രാമാർഗ്ഗം പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള വിവിധ പദ്ധതികളിൽ ഒന്നാണ് IRS നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 100, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 കാറ്റമറൈൻ ബോട്ടുകൾ സർവ്വീസ് നടത്തുന്നു.<br><br>ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കുമായി കേരള ഇൻലാന്റ് വെസ്സൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ പാലിച്ചു വരുന്നു. കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ടുകൾ സർവ്വീസ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ